# വിനോബാനികേതൻ യു.പി.എസ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ഉള്ളടക്കം.

അടിസ്ഥാന വിവരങ്ങൾ.
ആമുഖം.
നിലവിലെ അവസ്ഥാവിശകലനം.
അധ്യാപകരുടെ പ്രവർത്തനങ്ങൾ.
ഉൾച്ചേർത്തൽ, ആരോഗ്യം, സുരക്ഷ.
വിദ്യാലയം - പൊതുവിശകലനം.
ക്രിയാത്മകമായ സാമൂഹികപങ്കാളിത്തം.
പ്രശ്നങ്ങൾ വെല്ലുവിളികൾ
വിഷയ മേഖലകൾ.
സങ്കലിത വിദ്യാഭ്യാസം.
അക്ഷരമധുരം
മലയാളം.
ഉപഭാഷകൾ - ഹിന്ദി, അറബിക്, സംസ്കൃതം.
ഇംഗ്ലീഷ്.
സോഷ്യൽ സയൻസ്.
അടിസ്ഥാന ശാസ്ത്രം.
അടിസ്ഥാന ഗണിതം.
Knowledge Stars - 2026.
ഉപസംഹാരം.

## ആമുഖം

മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന പൂർണ്ണതയുടെ സാക്ഷാത്കാരമാണ് വിദ്യാഭ്യാസം – സ്വാമി വിവേകാനന്ദ.
ഒരു വിദ്യാലയം തുറക്കുമ്പോൾ നൂറ് കാരാഗ്രഹങ്ങൾ അടയ്ക്കപ്പെടുന്നു. — വിക്ടർ ഹ്യൂഗോ.

മുകളിൽ കൊടുത്തിരിക്കുന്ന രണ്ടു വാക്യവും വിദ്യാലയത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും പ്രാധാന്യത്തെ വിളിച്ചോതുന്നു. ഒരു ശിശുവിന്റെ ജനനം മുതൽ അത് ചുറ്റുമുളളത് അറിയുകയും അനുഭവിക്കുകയും ചെയ്യുന്നു. ഇത്തരമൊരു അറിവിനും അനുഭവങ്ങൾക്കുമപ്പുറം ചിട്ടയായ അറിവിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് കൂടുതൽ സാധ്യതയൊരുക്കുന്ന അക്കാദമിക സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. മണ്ണിനോട് മല്ലിടുന്ന കർഷകർക്കും അന്നന്നത്തെ അന്നത്തിനായി പണിയെടുക്കുന്ന കൂലിവേലക്കാർക്കും ഒരു കാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർവ്വത്രികമാക്കുന്നതിൽ വിനോബാനികേതൻ യു.പി.എസ് വലിയൊരു മുന്നേറ്റമാണ് നടത്തിയത്.

## സ്കൂൾ ചരിത്രം.

ആചാര്യ വിനോബാഭാവെയുടെ ഐതിഹാസികമായ ഭൂദാന പ്രസ്ഥാനം, സർവോദയ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സന്തതസഹചാരിയായിരുന്ന പരിവ്രാജിക എ.കെ രാജമ്മ തിരുവനന്തപുരം ജില്ലയിൽ 1954-ൽ മലയടി മാങ്കാവ് എന്ന സ്ഥലത്ത് ഒരു ആശ്രമം സ്ഥാപിച്ചു. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ഗ്രാമീണ വിദ്യാലയം എന്നിവയും ആരംഭിച്ചു. ഗോപാലൻ, നാരായണിയമ്മ എന്നിവർ ഈ സംരംഭത്തിന് പതിനേഴര സെന്റ് സ്ഥലവും ഒരു ചെറിയ വീടും സൗജന്യമായി നൽകി. ഗ്രാമദാന പ്രവർത്തനത്തിലൂടെ ഒരു ആശ്രമവും സ്ഥാപിച്ചു.

1957-ൽ ആചാര്യ വിനോബാഭാവെ ഈ ആശ്രമത്തിൽ എത്തുകയും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്

നമ്പൂതിരിപ്പാടും, ഗവർണറായിരുന്ന കൃഷ്ണറാവുവും ചേർന്ന് അദ്ദേഹത്തെ ആശ്രമത്തിലെത്തി സ്വീകരിക്കുകയും 10 ഏക്കർ വനഭൂമി ആശ്രമത്തിന്റെ പ്രവർത്തനങ്ങൾക്കായി സൗജന്യമായി നൽകുകയും ചെയ്തു. വിനോബാഭാവെ ഗ്രാമീണ വിശ്വവിദ്യാലയത്തിന് ശിലാസ്ഥാപനം നിർവ്വഹിച്ചതിന്റെ ഓർമ്മയ്ക്കായി ഒരു മാവ് നട്ടു. 1962 ജൂൺ 4 മുതൽ പ്രൊഫ. എം.പി മന്മഥന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വന്നിരുന്ന ഈ ഗ്രാമീണ വിദ്യാലയത്തെ അപ്പർ പ്രൈമറി സ്കൂളായി അംഗീകരിക്കുകയും അന്നു മുതൽ വിനോബാനികേതൻ യു.പി.എസ് എന്ന നാമധേയത്തിൽ സ്കൂൾ അറിയപ്പെടുകയും ചെയ്യുന്നു.

## നിലവിലെ അവസ്ഥാവിശകലനം

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നിന്ന് 12 കി.മി. അകലെയാണ് വിനോബാനികേതൻ യു.പി.എസ് എന്ന എയിഡഡ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. 5 മുതൽ 7 വരെ ക്ലാസ്സുകളിലായി 175 കുട്ടികളും 11 അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റന്റുമുണ്ട്. അധ്യാപകരോടൊപ്പം ആത്മാർത്ഥതയോടെ കൈകോർത്തു നിൽക്കുന്ന ഒരു മാനേജ്മെന്റാണ് സ്കൂളിനുള്ളത്. വിദ്യാർത്ഥികൾക്ക് വിവിധ പഠനോപകരണങ്ങൾ മാനേജർ നൽകിപ്പോരുന്നു.

**വിദ്യാലയ വിഭവങ്ങൾ - ലഭ്യത, പര്യാപ്തത, ഉപയോഗക്ഷമത**

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ, മനുഷ്യവിഭവശേഷി സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വാതന്ത്ര്യവും ശിശുസൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ഉയർന്ന നിലവാരലഭ്യതയും കാര്യക്ഷമതയുമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പ് വരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

- വിനോബാനികേതൻ യു.പി.എസിന് ആകെ ലഭ്യമായ സ്ഥലം 1 ഏക്കർ 10 സെന്റ് ആണ്. 'H' ആകൃതിയിലുള്ള ഒരു കോൺക്രീറ്റ് കെട്ടിടമാണ് സ്കൂളിനുള്ളത്. ഒരു ഓഫീസ് റൂം, ഒരു സ്റ്റാഫ് റൂം, ഒരു ലൈബ്രറി, 8 ക്ലാസ്സ് റൂമുകൾ, ഒരു അടുക്കള എന്നിവയാണ് സ്കൂളിനുള്ളത്.

- വിദ്യാലയത്തിൽ ആകെ 10 കമ്പ്യൂട്ടറുകളും 6 ലാപ്ടോപ്പുകളും ഉണ്ട്. ഇവയെല്ലാം തന്നെ അതാത് അധ്യാപകർ അവരുടെ ടെക്സ്റ്റ് ബുക്കുമായി ബന്ധപ്പെടുത്തി പഠിപ്പിക്കുന്നു.
- രണ്ടായിരത്തി അഞ്ഞൂറോളം പുസ്തകങ്ങളുള്ള വിശാലമായ ഒരു ലൈബ്രറി സ്കൂളിന് സ്വന്തമായി ഉണ്ട്. ഒരധ്യാപകന് അധികച്ചുമതല നൽകിയാണ് ലൈബ്രറി പ്രവർത്തനം മുന്നോട്ട് പോകുന്നത്.
- കുട്ടികളുടെ പൊതുവിജ്ഞാനം വളർത്തുന്നതിനായി ക്ലാസ്സുകളുടെ എണ്ണമനുസരിച്ച് മലയാള ദിനപ്പത്രം വരുത്തുന്നു. കൂടാതെ ആനുകാലിക പ്രസിദ്ധീകരണങ്ങളായ തളിര്, യുറീക്ക, വിദ്യാരംഗം, കർഷകശ്രീ ഭാസന - സംസ്കൃത മാസിക, സംഭാഷണ സന്ദേശം - സംസ്കൃത മാസിക എന്നിവയും കുട്ടികളുടെ വായനയ്ക്കായി നൽകുന്നു. ഒരു ഇംഗ്ലീഷ് ദിനപ്പത്രവും കുട്ടികളുടെ വായനയ്ക്കായി നൽകുന്നു.
- പ്രവർത്തനക്ഷമമായ ക്ലോസുകളോട് കൂടിയ 8 ശുചിമുറികൾ സ്കൂളിനുണ്ട്. ഇതിൽ 4 എണ്ണം ആൺകുട്ടികൾക്കും 4 എണ്ണം പെൺകുട്ടികൾക്കും ആണ്.
- സ്കൂളിന്റെ കുടിവെള്ള സ്രോതസ്സ് കിണറാണ്. ഇവിടെ 16 ടാപ്പുകളാണ് ഉള്ളത്. ജലശുദ്ധീകരണത്തിനായി നിശ്ചിത ഇടവേളയിൽ കിണറിൽ ക്ലോറിനേഷൻ നടത്തുന്നു. കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളമാണ് ലഭ്യമാകുന്നത്. കെട്ടിടത്തിനു മുകളിലുള്ള 1000ലിറ്റർ ടാങ്കിൽ ആണ് ജലം സംഭരിക്കുന്നത്. വർഷത്തിൽ 3 പ്രാവശ്യം ടാങ്ക് വൃത്തിയാക്കുന്നു.
- വിദ്യാലയത്തിൽ എല്ലാ മുറികളിലും ഫാനും ലൈറ്റും ഉണ്ട്. കമ്പ്യൂട്ടർ ലാബിലും ഓരോ സിസ്റ്റത്തിന് അനുസരിച്ചുള്ള പവർ ബോർഡും ഉണ്ട്.

- അടുത്തകാലത്തായി വരെ സജീവമായ രീതിയിൽ പ്രവർത്തിച്ചു വരുന്ന പി.ടി.എ-യും വിദ്യാലയ വികസന സമിതിയും ഇന്ന് വിദ്യാലയത്തിനുണ്ട്.
- ഗ്രാമപഞ്ചായത്തിന്റേയും കൃഷിഭവന്റേയും ഇടപെടലിലൂടെ വിവിധ കാർഷിക സംരംഭങ്ങൾ നടന്നു വരുന്നു.

  കേവലം ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങാതെ സമൂഹത്തിലേക്കിറങ്ങിയുള്ള പഠനപ്രവർത്തനങ്ങളിലേയ്ക്ക് കുട്ടികളെ ആകർഷിക്കാൻ കഴിയുന്നുണ്ട്. കാർഷിക-പരിസ്ഥിതി സംബന്ധമായ പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യവും പങ്കാളിത്തവും മികച്ചതാണ്.
- വിവിധ മേളകൾക്ക് മികവാർന്ന വിജയം കാഴ്ച വെക്കാൻ വിദ്യാലയ പ്രതിഭകൾക്ക് സാധിക്കുന്നുണ്ട്.
- വിദ്യാർത്ഥികളിൽ ഭൂരിഭാഗവും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലുള്ളവരാണ്. രക്ഷിതാക്കളിൽ ഭൂരിഭാഗവും. അതു കൊണ്ടു തന്നെ ക്ലാസ് മുറികളിലെ പ്രവർത്തനങ്ങളുടെ തുടർച്ചയായുള്ള വീടുകളിലെ പ്രവർത്തനങ്ങൾ തീർത്തും നിരാശാജനകമാണ്
- മാനേജ്മെന്റിന്റെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഭൗതികമേഖലയിൽ ഇനിയും ഏറെ മെച്ചപ്പെടലുകൾ ആവശ്യമാണ്.
- ഉച്ചഭക്ഷണ പദ്ധതി നന്നായി നടക്കുന്ന വിദ്യാലയത്തിന് പക്ഷേ വിശാലമായ ഒരടുക്കളയോ ഡൈനിങ് ഹാളോ ഇല്ല.
- ക്ലാസ് മുറികളും ഫർണിച്ചറുകളും നിലവിലുള്ള വിദ്യാർത്ഥികൾക്ക് പര്യാപ്തമാണ്.

## അധ്യാപകരുടെ പ്രവർത്തനങ്ങൾ.

എല്ലാ അധ്യാപകരും നിശ്ചിത പരിശീലന യോഗ്യത നേടിയവരാണ്. അധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല വർഷാദ്യത്തിൽ തന്നെ നൽകും.

| ചുമതലകൾ | അധ്യാപകന്റെ പേര്. |
|---|---|
| HM- in ചാർജ്ജ് | V.S. ഹരികുമാർ. |
| സ്റ്റാഫ് സെക്രട്ടറി | D. ആൽബർട്ട്. |
| SRG കൺവീനർ | രാജിത. B. |
| ഉച്ചഭക്ഷണം. | R.U. നിഷ. |

ക്ലബ്ബുകളും ചുമതലകളും.

| ക്ലബ്ബുകൾ | ചുമതലകൾ. |
|---|---|
| ഗണിതം | ആശ L.D |
| സയൻസ് | ഷീജകുമാരി |
| സോഷ്യൽ സയൻസ് | |
| ഇംഗ്ലീഷ് | രാജിത. B |
| ഹിന്ദി | V.S. ഷമീം. |
| അറബിക് | ഷീബ. S |
| സംസ്കൃതം | ശ്രുതി. M.S |
| വിദ്യാരംഗം കലാസാഹിത്യവേദി | D. ആൽബർട്ട്. |

പാഠ്യപദ്ധതി ലക്ഷ്യമിടുന്ന പ്രതീക്ഷകൾക്കനുസരിച്ച് അധ്യാപക പരിവർത്തനം നടക്കുന്നുണ്ടോ എന്ന് വിലയിരുത്തണം. രണ്ടര വർഷത്തെ കോവിഡ്കാലം കുട്ടികളിൽ വലിയൊരു പഠനവിടവ് സൃഷ്ടിച്ചിട്ടുണ്ട്. എല്ലാ കുട്ടികളും പഠനനേട്ടം പ്രതീക്ഷിത നിലവാരത്തിൽ വികസിച്ചു എന്ന് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഐ.സി.ടി അധിഷ്ഠിത പഠനം നിലവിൽ നടക്കുന്നില്ല എന്നു തന്നെ പറയാം. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയാണ് പ്രധാന കാരണം. പഠന സാമഗ്രികളുടെ ഉപയോഗവും മെച്ചപ്പെടണം.

എല്ലാ കുട്ടികൾക്കും നിർദ്ദിഷ്ട പഠനനേട്ടം ഉറപ്പ് വരുത്തുന്നതിന് അധ്യാപകർ സ്പെഷ്യൽ ക്ലാസ്സുകൾ, പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്സ്. രക്ഷാകർതൃയോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ മേഖലയിൽ കുറേ കൂടി ജാഗ്രത പുലർത്തുന്ന പ്രവർത്തനങ്ങളും വേണ്ടതുണ്ട്.

എയിഡഡ് സ്കൂൾ ആയതിനാൽ നിലവിലുള്ള അധ്യാപകർ നിരവധി വർഷമായി ഇവിടെ തുടരുന്നവരാണ്. അധ്യാപകർക്ക് നൽകിവരുന്ന പരിശീലന പരിപാടിയിൽ മുഴുവൻ അധ്യാപകരും പങ്കെടുക്കുന്നുണ്ട്. കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി പരിശീലന വേളയിൽ നേടിയ അനുഭവങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ക്ലാസ് മുറികളിൽ ഇതിന്റെ പ്രയോജനം കിട്ടത്തക്ക വിധത്തിൽ പഠനപ്രവർത്തനത്തിലും പ്രക്രിയകളിലും മാറ്റങ്ങൾ ഉണ്ടാക്കി കൊണ്ട് മുന്നോട്ട് പോകാൻ കഴിയുന്നുണ്ട്. ഓരോ അധ്യാപകർക്കുമുള്ള സവിശേഷ കഴിവുകൾ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പകർന്നു കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. വിവിധ മേളകളിൽ പങ്കെടുക്കുന്നതിനാവശ്യമായ ആസൂത്രണങ്ങൾ എസ്.ആർ.ജി.യിൽ വേണ്ട രീതിയിൽ നടത്തുന്നുണ്ട്. അവരവരുടെ കഴിവുകൾക്കനുസരിച്ച്

ചുമതലകൾ വിഭജിച്ച് നൽകിയാണ് സ്കൂൾതല മേളകൾ സംഘടിപ്പിക്കുന്നത്. വിവിധ മേളകളിലും മറ്റ് മൽസരങ്ങളിലും സബ് ജില്ലാ - ജില്ലാ - സംസ്ഥാന തലം വരെ നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കാനും മികച്ച വിജയം കൈവരിക്കാനും സാധിച്ചിട്ടുണ്ട്. കുട്ടികളുടെ രക്ഷിതാക്കളുമായി ആഴത്തിലുള്ള ബന്ധം പുലർത്തുന്നതും ക്ലാസ് പി.റ്റി.എ കളിൽ നടക്കുന്ന സജീവമായ തുറന്ന ചർച്ചകളും അക്കാദമിക പ്രവർത്തനങ്ങൾക്ക് മേന്മയേകാൻ സഹായകമാകുന്നു. വിമർശനങ്ങളെ പോസിറ്റീവായി എടുത്തു കൊണ്ട് വരുംകാല പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ വരുത്താനും നമുക്ക് സാധിക്കുന്നു.

ഉൾപ്പെടുത്തൽ, ആരോഗ്യം, സുരക്ഷ.

എല്ലാ കുട്ടികൾക്കും പഠിക്കാനും വികസിക്കാനും കഴിയും, എന്ന ആശയമാണ് വിദ്യാഭ്യാസ സാർവത്രികവത്കരണത്തിന് അടിസ്ഥാനം. ലിംഗം, മതം, ജാതി, സാമൂഹിക-സാമ്പത്തിക പശ്ചാത്തലം, സംസ്കാരം തുടങ്ങിയ വൈവിധ്യങ്ങൾക്ക് അതീതമാണ് കുട്ടികളുടെ പഠനത്തിനുള്ള കഴിവ് എന്ന് വിദ്യാഭ്യാസ അവകാശ നിയമം വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ കുട്ടികളും ഉൾപ്പെടുന്ന വിദ്യാഭ്യാസക്രമത്തിന് ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കും പൂർണ്ണ അർത്ഥത്തിൽ ഇടം ഉണ്ടാകും. വിദ്യാർത്ഥി സൗഹൃദപരമായ പഠനാന്തരീക്ഷവും പഠന പരിസരവും വളർത്തിയെടുക്കാൻ അധ്യാപകർ രക്ഷിതാക്കൾ പൊതുസമൂഹം എന്നിവരെയും സജ്ജമാക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ എണ്ണത്തിൽ വന്ന കുറവ് നമ്മുടെ സ്കൂളിനേയും ബാധിച്ചു. എന്നാൽ 2024-25 അക്കാദമിക വർഷത്തിൽ 5-ാം ക്ലാസ്സിൽ മുൻ വർഷത്തേക്കാൾ കൂടുതൽ കുട്ടികൾ അഡ്മിഷൻ എടുത്തു. അധ്യാപകരുടെ കൂട്ടായ പ്രവർത്തനത്താലും നിരന്തരമായ കുട്ടികളുടെ ഗൃഹസന്ദർശനത്താലുമാണ് ഇത് നേടിയെടുത്തത്. പൊതുവേ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ കുറിച്ച് രക്ഷിതാക്കൾക്ക് മിഥ്യാധാരണയുണ്ട്. ഇതാണ് കുട്ടികൾ കുറയുന്നതിന് ഉള്ള പ്രധാന കാരണം. വിദ്യാലയ മികവുകൾ സമൂഹത്തിൽ ഫലപ്രദമായി എത്തിച്ചേരുന്നില്ല. അൺഎയ്ഡഡ് വിദ്യാലയങ്ങളെ അപേക്ഷിച്ച് പൊതുവിദ്യാലയങ്ങൾക്കുള്ള മികവ് സ്കൂളുമായി ബന്ധമില്ലാത്ത രക്ഷിതാക്കൾക്ക് ബോധ്യപ്പെടുന്നില്ല. പരിസരവാസികളായ കുട്ടികളേക്കാൾ നമുക്ക് കിട്ടുന്നത് അൽപം ദൂരം മാറിയുള്ള കുട്ടികളാണ്.

കുട്ടികളുടെ എണ്ണം.

| Std. | മലയാളം മീഡിയം | | | ഇംഗ്ലീഷ് മീഡിയം | | | ആകെ. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 5 | 16 | 15 | 31 | 21 | 19 | 40 | 37 | 34 | 71 |
| 6 | 22 | 9 | 31 | 15 | 18 | 33 | 37 | 27 | 64 |
| 7 | 15 | 10 | 25 | 16 | 16 | 32 | 31 | 26 | 57 |
| ആകെ | 53 | 34 | 87 | 52 | 53 | 105 | 105 | 87 | 192. |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം.

| Std. | മലയാളം | | | സംസ്കൃതം | | | അറബി | | | ആകെ. | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 5 | 14 | 18 | 32 | 7 | 6 | 13 | 16 | 10 | 26 | 37 | 34 | 71 |
| 6 | 25 | 11 | 36 | 2 | 5 | 7 | 10 | 11 | 21 | 37 | 27 | 64 |
| 7 | 18 | 8 | 26 | 4 | 8 | 12 | 9 | 10 | 19 | 31 | 26 | 57 |
| ആകെ | 57 | 37 | 94 | 13 | 19 | 32 | 35 | 31 | 66 | 105 | 87 | 192 |

ആറാം അദ്ധ്യയനദിനം 10 ജൂൺ 2025

| Std. | No. of Div | General | | | SC | | | ST | | | Muslim OBC | | | മറ്റ് ന്യൂനപക്ഷം | | | OBC | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| 5 | 3 | 4 | 4 | 8 | 2 | 3 | 5 | 1 | 6 | 7 | 22 | 13 | 35 | 2 | 4 | 6 | 6 | 4 | 10 |
| 6 | 2 | 0 | 3 | 3 | 2 | 2 | 4 | 4 | 3 | 7 | 21 | [illegible] | 38 | 5 | 0 | 5 | 5 | 2 | 7 |
| 7. | 2 | 0 | 4 | 4 | 7 | 0 | 7 | 5 | 0 | 5 | 13 | 13 | 26 | 5 | 3 | 8 | 1 | 6 | 7 |

കുട്ടികളുടെ എണ്ണം - താരതമ്യം.

2022 - '23 - 175
2023 - '24 - 165
2024 - '25 - 196.
2025 - '26 - 192

# വിദ്യാലയം - പൊതു വിശകലനം

ഈ വിദ്യാലയത്തിലെ കുട്ടികളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക പശ്ചാത്തലം വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത് ഓരോ കുട്ടിയും തീർത്തും വ്യത്യസ്തരാണ് എന്നാണ്. മുൻകാലങ്ങളിൽ ഏതാണ്ട് ഒരേ നിലയിലായിരുന്ന പൊതു സമൂഹത്തിൽ ഇന്ന് സാമ്പത്തികാന്തരം കൂടുതലായി കാണുന്നു. ഇതിന് ഒരു പരിധിവരെ രക്ഷിതാക്കളുടെ ശ്രദ്ധക്കുറവോ ആരോഗ്യപരമായ കാരണങ്ങളോ ഉണ്ടാകാം. കോവിഡ് മഹാമാരിയുടെ കരാള ഹസ്തങ്ങളിൽ വീർപ്പുമുട്ടിയ സാമ്പത്തികാവസ്ഥ, നമ്മുടെ രക്ഷിതാക്കളെയും അടിമുടി ഉലച്ചുകളഞ്ഞു. അന്നന്നത്തെ അന്നത്തിനായി പണിയെടുത്ത് കഷ്ടപ്പെടുന്ന കൂലിപ്പണിക്കാരാണ് നമ്മുടെ രക്ഷിതാക്കൾ ഏറെയും. കുട്ടികളുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി കുട്ടികളെ പൂർണ്ണമായും തിരിച്ചറിയാൻ നമ്മുടെ ഓരോ അധ്യാപകനും കഴിയുന്നുണ്ട്. എങ്കിലും പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി ഗൃഹസന്ദർശനം നടത്തി വേണ്ട നടപടികൾ കൈക്കൊള്ളേണ്ട കാര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ട്. അങ്ങനെയുള്ള കുട്ടികളെ സഹായിക്കുന്നതിനായി പി.ടി.എ-യുടെ സഹകരണത്തോടെ സുമനസ്കരായ സ്പോൺസർമാരെ സമീപിക്കേണ്ടതുണ്ട്.

# ക്രിയാത്മകമായ സാമൂഹ്യ പങ്കാളിത്തം.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖല ഗൗരവതരമായ ചർച്ചകളിലും ഇടപെടലുകളിലും വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. ഇതിന്റെ പ്രധാന ചാലകശക്തിയാകേണ്ടത് പൊതുസമൂഹമാണ്, അത് കൊണ്ട് വിദ്യാലയ മാനേജ്മെന്റ് കമ്മറ്റി, പി.ടി.എ, പൂർവ്വവിദ്യാർത്ഥി സംഘടന, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പ്രദേശവാസികൾ തുടങ്ങിയ സമൂഹത്തിന്റെ വിവിധ മേഖലയിലുള്ളവരുടെ പങ്കാളിത്തം വിദ്യാലയ-വികസനപ്രവർത്തനങ്ങളിൽ നിർണായകമായിത്തീരുന്നു. നമ്മുടെ പ്രധാന ലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കലാണ്. അതിനുള്ള അന്തരീക്ഷവും പഠന സഹായ സംവിധാനവും വിദ്യാലയത്തിൽ രൂപപ്പെടുന്നതിന് പൊതുസമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം വേണം. ഇതിനായി വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിക്കണം. പാഠ്യപദ്ധതി വിനിമയം ഫലപ്രദമാവണം. സാമൂഹിക വിഭവങ്ങൾ വിദ്യാലയത്തിനും വിദ്യാലയ വിഭങ്ങൾ സമൂഹത്തിനും ലഭ്യമാകുന്ന വിദ്യാലയ-സമൂഹ ജൈവിക ബന്ധം രൂപപ്പെടണം. വിദ്യാലയ പരിസരത്തെ മുഴുവൻ കുട്ടികൾക്കും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്ന തരത്തിൽ സാമൂഹിക പങ്കാളിത്തം ലഭ്യമാക്കാൻ നമുക്ക് കഴിയണം.

സാമൂഹിക സംഘടനകളിലെ പങ്കാളിത്തം.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

## അക്കാദമികം

1. ഭിന്നശേഷിക്കാരുടെ ആവശ്യം പരിഗണിച്ച് റിസോഴ്സ് അധ്യാപകരുടെ സേവനം നിരന്തരം ലഭിക്കുന്നില്ല.
2. ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവും അക്കാദമികവുമായ പ്രശ്നങ്ങൾ കണ്ടെത്തി നിരന്തരം വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനും ശാസ്ത്രീയമായ രീതികൾ സ്വീകരിക്കാൻ അധ്യാപകർ ശാക്തീകരിക്കപ്പെട്ടിട്ടില്ല.
3. ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠ്യപദ്ധതി പാഠപുസ്തകം, പഠനപ്രക്രിയ എന്നിവയില്ല.
4. 5 മുതൽ 7 വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
5. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ ഐ.സി.ടി സാധ്യതകൾ എന്നിവ എല്ലാ അധ്യാപകരും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
6. സർഗ്ഗാത്മക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ സ്പെഷ്യൽ അധ്യാപകരുടെ അഭാവം.
7. കുട്ടികൾ അനുഭവിക്കുന്ന വിവിധങ്ങളായ മാനസിക സമ്മർദ്ദങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ വൈകാരിക പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ എല്ലാ അധ്യാപകർക്കും കഴിയുന്നില്ല.
8. വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടുകയോ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുന്നില്ല.

## ഭൗതികം.

1. ഭിന്നനിലവാരക്കാരുടെ പഠനപ്രവർത്തനങ്ങൾക്കും ശാരീരികവും മാനസികവുമായി വികസിപ്പിക്കുന്നതിനാവശ്യമായ റിസോഴ്സ് റൂം സ്കൂളിൽ ഇല്ല.

2. ഭിന്നനിലവാരക്കാരെ പരിഗണിച്ച് വിദ്യാലയത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഭിന്നനിലവാര സൗഹൃദപരമാക്കണം.
3. ആധുനികമായി സജ്ജീകരിച്ച ലബോറട്ടറി, ഐ.ടി ലാബ്, ലാംഗ്വേജ് ലാബ് എന്നിവയുടെ അഭാവം.
4. എല്ലാ ക്ലാസ് മുറികളും ഐ.സി.ടി അധിഷ്ഠിത പഠനം ഉറപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും ഒരുക്കാൻ കഴിഞ്ഞിട്ടില്ല.
5. സ്കൂളിലെ പൊതുപരിപാടികൾ നടത്തുന്നതിനാവശ്യമായ ആഡിറ്റോറിയത്തിന്റെ അഭാവം.
6. മഴ പെയ്യുമ്പോൾ മുറ്റം ചെളികെട്ടുന്ന കാരണം കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു.
7. പ്രഭാതഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
8. പാഠ്യപദ്ധതി നിർദ്ദേശിച്ച കലാ-കായിക-പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ഭൗതിക സൗകര്യമില്ല.

സാമൂഹികം.

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ധനാത്മകമായി ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ കുറിച്ച് ധാരണയില്ല.
3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.
4. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, പി.ടി.എ, എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ട വിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
5. പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

| | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1 | 'അക്ഷരദീപം' പഠന പരിപാടി<br>എഴുത്തും വായനയും പഠിപ്പിക്കുന്ന പരിപാടി | ജൂൺ മുതൽ ഫെബ്രുവരി വരെ | വർക്ക് ഷീറ്റ് പുസ്തകങ്ങൾ | അക്ഷരദീപം ടീം അധ്യാപകർ |
| 2 | "രചനാവേദി" കൈയെഴുത്ത് മാസിക - 100 എണ്ണം മികച്ച 10 ന് ട്രോഫി. 90 പേർക്ക് | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | നോട്ട്ബുക്ക്, ചിത്രങ്ങൾ പേന, പെൻസിൽ സ്കെച്ച് | രചനാവേദി ടീം SMC |
| 3 | കയ്യെഴുത്ത് മത്സരം | ഒക്ടോബർ 9 | കാർഡ്, ഇൻലന്റ്, പേപ്പർ, കവർ, സ്റ്റാമ്പ് | വിദ്യാരംഗം - കലാസാഹിത്യവേദി |
| 4 | വായന മത്സരം | ജൂൺ മുതൽ ജനുവരി വരെ | പുസ്തകം പത്രം | മലയാളം അധ്യാപകർ |
| 5 | കവിതാലാപന മത്സരം | ജൂൺ മുതൽ ഫെബ്രുവരി വരെ | കവിതാപുസ്തകങ്ങൾ ഓഡിയോ | മലയാളം അധ്യാപകർ |
| 6 | ആസ്വാദന കുറിപ്പ് ശില്പശാല | ഒക്ടോബർ | പുസ്തകങ്ങൾ മാതൃകാ രചനകൾ | മലയാളം അധ്യാപകർ |
| 7 | പത്രവാർത്ത തയ്യാറാക്കൽ | നവംബർ | പത്രങ്ങൾ | മലയാളം അധ്യാപകർ |
| 8 | മുഖചിത്ര രചന | ഡിസംബർ | ലൈബ്രറി പുസ്തകങ്ങൾ | വിദ്യാരംഗം കലാസാഹിത്യവേദി |
| 9 | "ഫൈവ് സ്റ്റാർ നോട്ട് ബുക്ക്"- മികച്ച നോട്ടുബുക്കുകൾക്ക് "ഫൈവ് സ്റ്റാർ" സമ്മാനമായി നല്കുന്നു. | സെപ്റ്റംബർ ഡിസംബർ മാർച്ച് | നോട്ട്ബുക്കുകൾ | മലയാളം അധ്യാപകർ |
| 10 | "മലയാള പ്രതിഭ അവാർഡ്" - മലയാളം പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് വാങ്ങുന്നവർക്ക് നല്കുന്ന അവാർഡ് | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചിംഗ് നോട്ട്, ക്ലാസ് ഡയറി | മലയാളം അധ്യാപകർ |

D. Albert [signature]

| | | | |
|---|---|---|---|
| 1. Assess the level of learners. | Conducting a Pre-test to assess the level of learners.<br>To assess the basic skills of learners, according by which learners are grouped into 3. | June 3 to 5. | English teacher |
| 2. Enhance the basic skills of students in English. | Special module based on the functional aspect of English. | one year | English teacher. |
| 3. Address different level of learners. | • Full-Fledged Smart class to acquire proficiency in English language<br>• Framing activities to address diff. level of learners. | one year. | |
| 4. Children are able to read English fluently with correct pronunciation. | • Audio, video clippings on correct pronunciation.<br>• ICT facilities.<br>• Video clippings.<br>• Readers theatre. | one year. | |
| 5. To Develop vocabulary among Children. | • word games.<br>• Making "My Growing Dictionary" using the words of the text book.<br>• Spelling contest.<br>• Making cross word puzzles. | one year. | |

| | | | |
|---|---|---|---|
| 6. To develop correct Sentence pattern. | • Making Sentence Cards.<br>• Using Sentence Cards in Classroom.<br>• Correct Sentence Structure with ICT facilities.<br>• Publishing Magazines in English.<br>• English Bulletin Board.<br>• Writing Blog. | one year. | English teacher |
| 7. To develop legible hand writing. | • Peer group writing.<br>• 4 line writing.<br>• English diary. | one year. | English teacher. |
| 8. To develop communication Skill. | • Dramatisation of stories and enacting them.<br>• Conducting debates and Seminars.<br>• conducting English fest.<br>• Theatre workshop.<br>• Formation of English club.<br>• English assembly.<br>• English Chating through Social media.<br>• Developing translation Skills.<br>• Translating Short Stories from malayalam to English. | one year. | English teacher. |
| 9. To enhance basic Skills among Slow pace learners. | TM and TLM addressing slow pace learners.<br>Special classes for Slow pace learners. | one year | English teacher. |

| Aims | Activities | | Duty |
| --- | --- | --- | --- |
| 10. To give extra Support to gifted Children. | • Introducing English library.<br>• English book exhibition.<br>• classes on Creative writing.<br>• Magazines created by Children.<br>• Digital magazines. | one year. | English teacher. |
| 11. To make below average Children read English. | • Articulation practice of Small words during free hours.<br>• TB reading during class hours.<br>• Reading other Short books,<br>• Give Reading cards during free time and as HW. | I term.<br>9am-10am. | English teacher. |
| 12. To make below average Children write at least Simple Sentences. | • Write Simple Sentences on Simple topics given to them during free time.<br>• write discourses during classhours on the guidance of teacher.<br>• Creative writing and writing diary during extra time. | II term.<br>9am-10am. | English teacher. |
| 13. To make below average Children Communicate in English. | • Dramatisation of Short stories and enacting them.<br>• Giving opportunity at English assembly.<br>• English Chating with teachers and peers. | III term. | English teacher |

| Aim | Activities | Time | Duty |
|---|---|---|---|
| 14. ~~Conducting~~ To develop creative talents in English. | • Conduct "Literary Competition in English. | November 2nd week. | English club. |
| 15. To develop creative writing among children. | • Release of English Inland Magazine "Sky Lark." | January. I week. | English club. |

Hindi Club പ്രവർത്തനങ്ങൾ

July 1 – July 15 – 2025-2026

Club members ആരും നന്നായി Hindi alphabet അറിയാത്തവർ ആണ്. അവരെ പഠിപ്പിക്കൽ program

July 16 ~~July 15~~ August 1

Sureeli Hindi പാഠ്യ പദ്ധതി, വഴിയായി കുട്ടികളുടെ സർഗ്ഗ ശേഷി വികസിപ്പിക്കൽ

August 1 — Septe 1

വായന മത്സരങ്ങൾ, പരിശീലനങ്ങൾ

September- 14 Hindi diwas Utsavam-

October – സുരീലി ഹിന്ദി പ്രവർത്തനങ്ങൾ

November – ഹിന്ദി ക്വിസ് മത്സരം

December – നാടക, കഥ, കാവ്യ രചന, മത്സരങ്ങൾ നടത്തൽ

January ഹിന്ദി ഉത്സവം ~~हिंदी~~

हिन्दी उत्सव

February – പരിശീലനങ്ങൾ -

| ലക്ഷ്യം. | പ്രവർത്തനം | സമയം | ഭൗതികം | [illegible] |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം അറിയുക. അതിന്റെ മഹത്വം മനസ്സിലാക്കുക. | ചരിത്ര ശേഷിപ്പുകൾ അറിവുകൾ വിവരശേഖരണങ്ങൾ | 3 മാസം | പുസ്തകങ്ങൾ പ്രദേശിക ഭവനങ്ങൾ | PTA പ്രദേശവാസി ചരിത്ര[illegible] |
| ശാസ്ത്രീയവശങ്ങളെ പ്രാധാന്യം തിരിച്ചറിയുക. ജീവിതത്തിന്റെ ഭാഗമാക്കുക. | റാലികൾ ലഘുലേഖകൾ പൊതുയോഗങ്ങൾ ബോധന ക്ലാസുകൾ | എല്ലാ മാസവും | IT. ~~[illegible]~~, Experts. | PTA SRG, |
| വായനാശീലം വളർത്തുക, ദൈനംദിന കാര്യങ്ങളെക്കുറിച്ച് അറിവ് നേടുക. | . മാസം തോറും പ്രശ്നോത്തരി മത്സരങ്ങൾ . പ്രശ്നോത്തരി പ്രതിഭകളെ തിരഞ്ഞെടുക്കൽ | 10 മാസം | പ്രസാധകർ | PTA SRG |

ലക്ഷ്യ.

| | | | | |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | - നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ<br>- പരീക്ഷണ കിറ്റുകൾ നിർമ്മിക്കൽ<br>- field trip | Academic year. | ശാസ്ത്രാധ്യാപകർ Science Club SRG | PTA |
| 2. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തുക. | ICT സഹായത്തോടെ ശാസ്ത്രാശയങ്ങൾ, ശാസ്ത്ര വിസ്മയങ്ങൾ എന്നിവ കുട്ടികളിലെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, പാഠഭാഗങ്ങളിലെ കൂടുതൽ അറിവുകൾ എന്നിവ AI ഉൾപ്പെടെയുള്ള സങ്കേതങ്ങളുടെ സഹായം പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നു. | Academic year | ശാസ്ത്രാധ്യാപകർ Science Club SRG | School PTA |
| 3. ശാസ്ത്ര പ്രതിഭാശേഷി വർധിപ്പിക്കുക. | പരീക്ഷണങ്ങൾ / നിരീക്ഷണങ്ങൾ എന്നിവക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ വിശാല ശാസ്ത്ര lab വികസിപ്പിക്കുക. | Academic year | ശാസ്ത്രാധ്യാപകർ Science Club SRG. | PTA SSG Management. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ① അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുക. | ഗണിത ശിൽപശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടി, മുത്തുകൾ ... ഉപയോഗിക്കുന്നു) | June to August | ഗണിത അധ്യാപകർ | - |
| ② ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക്ക്.<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത [illegible] മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനം നൽകുന്നു | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും കുട്ടികളും. | - |
| ③ വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ആസൂത്രണം ചെയ്ത് നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | - |
| ④ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ.ടി സാധ്യതകൾ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | - |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിത്യജീവിതത്തിൽ ശാസ്ത്രം പ്രയോഗികവൽക്കരിക്കുന്ന സാഹചര്യങ്ങൾ, ഉപയോഗപ്പെടുന്ന ഉപകരണങ്ങൾ, നിർമ്മിതികൾ എന്നിവ കണ്ടെത്താൻ അവസരമൊരുക്കുക.<br>1. ഉപകരണങ്ങൾ, ഉപകരണകിറ്റുകൾ ശേഖരിക്കൽ, സയൻസ് കോർണർ ഒരുക്കൽ<br>2. field trip → Biodiversity gardens, ശാസ്ത്ര പാർക്കുകൾ | Academic year | ശാസ്ത്രാധ്യാപകർ, Science club, SRG | PTA. |
| പരിസ്ഥിതി സംരക്ഷണം ശാസ്ത്ര ഹരിത ക്യാമ്പസ് എന്നിവയുടെ നിർമ്മിതിയുള്ള പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി സ്നേഹം വളർത്തുക. പരിസരസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. | പരിസ്ഥിതി സംരക്ഷണം, സൗന്ദര്യവൽക്കരണം, വിവിധ ജന്തുജാലങ്ങളുടെ സംരക്ഷണം, ആവാസവ്യവസ്ഥയിലെ അവയുടെ പ്രാധാന്യം എന്നിവ ബോധ്യപ്പെടുത്തി പൂന്തോട്ട നിർമ്മാണം, ശലഭോദ്യാനം, പച്ചക്കറിത്തോട്ടം, കുളം നവീകരണം, ജൈവവൈവിധ്യോദ്യാനം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നു.<br>Work-experience, Art education എന്നിവയുമായി പ്രവർത്തനങ്ങളെ Co-relate ചെയ്യുന്നു | June 5 മുതൽ Academic yr. | ശാസ്ത്ര club അധ്യാപകർ | PTA. |
| ശാസ്ത്രപ്രക്രിയാ ശേഷി വർധിപ്പിക്കുക | ശാസ്ത്ര lab നവീകരണം | PTA Science Club Management 1 year | PTA, Science club Management | Management PTA |

# 2024-25 അറബിക് അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല - അക്കാദമികം                വിഷയം - അറബിക്

ലക്ഷ്യം :- എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക,

പ്രശ്നം: സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു
എഴുത്തിനും, ആശയവിനിമയം, പദസമ്പത്ത് തുടങ്ങിയവ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ഭൗതികം | പങ്കാളി |
|---|---|---|---|---|
| [illegible]വിജ്ഞാനം [illegible] | * വായന മത്സരം<br>* ക്ലാസ് ലൈബ്രറി<br>* വായന കുറിപ്പുകൾ<br>* പുസ്തക വായന<br>ഗ്രൂപ്പ് വായന | ജൂൺ മുതൽ മാർച്ച് വരെ | * പുസ്തകങ്ങൾ വർക്ക് ഷീറ്റുകൾ | BRC<br>SMC<br>PTA |
| എഴുത്തു- [illegible] [illegible] എഴുത്തിലൂടെ ഭാഷാശേഷി വികസിപ്പിക്കൽ | * പതിപ്പുകളുടെ നിർമ്മാണം<br>* വായന കുറിപ്പ് ശേഖരണം<br>* പോസ്റ്ററുകൾ<br>* എഴുത്ത് മത്സരങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | മാസികകൾ<br>പുസ്തകങ്ങൾ<br>പതിപ്പുകൾ | AT |
| അറബിക് [illegible] ആശയ വിനിമയശേഷി വികസിപ്പിക്കൽ | * ആശയ വിനിമയം<br>* ക്ലാസ് തലം,<br>* സ്കൂൾ തലം<br>* യാത്രകൾ<br>* സംഭാഷണം<br>* പ്രസംഗം | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>I.T.C | SMC<br>PTA<br>BRC |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | | |
|---|---|---|---|---|
| 1 അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, വള്ളിപ്പടി, മുത്തുകൾ, ഫ്ലാഷ് കാർഡ്) etc ഉപയോഗിക്കുന്നു | ജൂൺ, ജൂലൈ | ഗണിത അധ്യാപകർ | |
| 2 രസകരമായ ഗണിതശാസ്ത്ര പഠനവും രചനാ ശേഷിക്കുള്ള വികാസവും | ഒറിഗാമി ശില്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3 ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 4 ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്.<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്. |

സംസ്കൃതം

ക്ലാസ്- 5, 6, 7 അക്കാദമിക് മാസ്റ്റർപ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ...ത്യയിലെ ...ദ്യോഗിക ഭാഷ...യിൽ ഒന്നാണ് സംസ്കൃതം ...ലത്തിലെ ...ല്ലാ കുട്ടികൾക്കും ...ക്ഷരങ്ങളും ...ദങ്ങളും ഉറപ്പി...ക്കൽ | 1. ഭാഷ ജ്ഞാനം<br>* അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്<br>* വാക്യകൾ എഴുതിയ കാർഡ്<br>* ക്ലാസിൽ അക്ഷരമാല പ്രദർശനം<br>* അക്ഷരമാല കളികൾ<br>* അക്ഷരമരം നിർമ്മിക്കൽ<br>* കാർട്ടൂൺ പ്രദർശനം<br>* പാട്ടുകളും കഥകളും കേൾപ്പിക്കൽ | ജൂൺ, ഓഗസ്റ്റ് | അക്ഷര-ചാർട്ട്<br>പാഠപു-സ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം<br>* ചിത്രങ്ങളുടെ പേര് പറയൽ<br>* ചിത്രകഥകൾ<br>* ലഘു സംഭാഷണങ്ങൾ<br>* നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ ജൂലൈ | സംസ്കൃത കഥാപു-സ്തകം<br>ICT | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| ...ളരുന്ന നിഘണ്ടു പഠനസമ്പത്ത് ...വ്] നിഘണ്ടു നിർമാണം | • എന്റെ സ്വന്തം നിഘണ്ടു നിഘണ്ടു പരിചയപ്പെടൽ | സെപ്റ്റംബർ മാർച്ച് | പുസ്തകങ്ങൾ പഴയ Text book പത്രങ്ങൾ | SMC PTA |
| [illegible] ...ക്ഷരം ...പാട് പാഠങ്ങൾ പഠനസമ്പത്തിന്റെ കുറവ് | പഠച്ചുകളെ പഠച്ചുവയ്പ് പഠക്കേളി പഠക്കൈവരണം ദിനാചരണങ്ങൾ | ജൂലൈ മുതൽ മാർച്ച് വരെ | അക്ഷരകാർഡുകൾ • പുസ്തകങ്ങൾ * പഴയ Text book] | SMC PTA |

| | | | | |
|---|---|---|---|---|
| 2. വീട് ഒരു പരീക്ഷണശാല<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | * വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്തംബർ ഒക്ടോബർ | സംസ്കൃത നിഘണ്ടു | |
| 3. വായനാലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | * തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>* ഓരോ സംസ്കൃത പിരീയഡിലും ആദ്യത്തെ 5 മിനിട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>* വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>* കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | [illegible] |
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാപഠന നേട്ടങ്ങൾ | * കുമ്പ് ആൽബീകരണം.<br>* പഠനോപകരണ നിർമ്മാണം.<br>* കലണ്ടർ നിർമ്മാണം.<br>* സംസ്കൃത അസംബ്ലി | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | [illegible] |

| | | | | |
|---|---|---|---|---|
| ...ര പരി-<br>...ർക്ക് ത-<br>...ാക്കൽ | * ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>* എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>* മാതൃകാ ചോദ്യപേപ്പർ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |
| ...ആസ്വാദന ലോകം<br>...ാ കുട്ടിയുടെ ആസ്വാദന ...ശി വർദ്ധിപ്പി- ...വാനും ...ന്ദാകനവും നി- ...ർവ്വഹണം ചെയ്യാ- ...ം വേണ്ടി | * നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>* കഴിവുള്ള കുട്ടികളെ കണ്ടെത്തി അവസരങ്ങൾ നൽകുന്നു.<br>* മാസത്തിൽ ഒരു തവണ ആസ്വാദന സദസ്സ് ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സദസ്സിൽ ആസ്വാദകൻ ആകണം. | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |
| ...പ്രത്യേകം ...രിഗണന അ- ...ർഹിക്കുന്നവ- ...രുടെ ...പ്രവർത്തനങ്ങൾ | * ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>* പ്രത്യേകം ക്ലാസുകൾ നൽകുന്നു<br>* ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| ...ക്ലാസ് റൂം ...ആകർഷകം ...ക്കുന്നതിന് | * പെയിന്റിംഗ്<br>* ലൈബ്രറി ഒരുക്കുന്നു<br>* സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു | | | |

# ഉപസംഹാരം.

വിനോബാനികേതൻ യു.പി.എസിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വ്യക്തമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.

# Knowledge Stars.

വിദ്യാർത്ഥികളിൽ പൊതുവിജ്ഞാനം വളർത്തുന്നതിനായി വിദ്യാലയത്തിൽ ഒരു പൊതുവിജ്ഞാന പരിപാടി-'Knowledge Stars' സംഘടിപ്പിച്ചിരുന്നു.

ആനുകാലിക സംഭവങ്ങൾ, ചരിത്രം, ശാസ്ത്രം, സംസ്കാരം തുടങ്ങി വിവിധ വിഷയങ്ങളെ കുറിച്ച് കുട്ടികളിൽ ആഴത്തിലുള്ള അവബോധം വളർത്തുകയാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. മേളകളിൽ, വിവിധ സ്കോളർഷിപ്പുകളിൽ കുട്ടികൾക്ക് മികച്ച നിലവാരം പുലർത്താൻ ഈ ചോദ്യങ്ങൾ കാരണമാകും. കൂടാതെ വിദ്യാർത്ഥികളിൽ ജിജ്ഞാസയും മത്സരബുദ്ധിയും വളർത്താനും ഇത് സഹായിക്കും. ഈ പരിപാടിയിലൂടെ വിദ്യാർത്ഥികൾക്ക് അറിവ് നേടുന്നതിനൊപ്പം ചിന്താശേഷിയും ലോകത്തെ കുറിച്ചുള്ള കാഴ്ചപ്പാടും വികസിപ്പിക്കാനും സാധിക്കും.

ആഴ്ചതോറും സ്കൂൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്ന ചോദ്യങ്ങൾ കുട്ടികൾ അവരുടെ 'വളരുന്ന പൊതുവിജ്ഞാനം' എന്ന ബുക്കിലേക്ക് എഴുതി സൂക്ഷിക്കുന്നു. ഈ ചോദ്യങ്ങളിൽ നിന്ന് മാസത്തിൽ ഒരിക്കൽ ക്വിസ് മത്സരം നടത്തുന്നു. വിജയിക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നു. ഫെബ്രുവരി മൂന്നാമത്തെ ആഴ്ച Mega quiz നടത്തുന്നതിനായി ഒരു യോഗ്യതാ പരീക്ഷ നടത്തുന്നു. ഇതിൽ വിജയിച്ച ആറ് കുട്ടികളെ അടുത്തഘട്ട Mega quiz-ലേക്ക് തെരഞ്ഞെടുക്കുന്നു. ഫെബ്രുവരി അവസാനത്തോടെ നടക്കുന്ന Mega quiz-ലൂടെ അന്തിമ വിജയികളെ പ്രഖ്യാപിക്കും. വിജയികൾക്ക് സ്കൂൾ വാർഷികത്തിന് ശ്രീ അജിത് മെമ്മോറിയൽ momento-യും, ആകർഷകമായ ക്യാഷ് പ്രൈസും നൽകുന്നു.